**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** | **02-02-2026 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | എല്ലാ ഗ്രാമീണ വീട്ടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീട്ടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.80 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.57 %) .<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 4 ജില്ലകളിൽ മാത്രമാണ 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം , തൃശ്ശൂർ).<br><br>ഇപ്പോൾ 7 ജില്ലകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).<br><br>3 ജില്ലകൾ 45% ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).<br><br>മറ്റു ജില്ലകൾ - 30 % ന് മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 120 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, |

വൈക്കം).

വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3239 പ്രവൃത്തികളുടെ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1703 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

ഇതു വരെ 5610.31 കോടി രൂപ കേന്ദ്ര വിഹിതമായും 8033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 13643.60 കോടി രൂപ). ഇതിൽ 11643.60 കോടി രൂപ ചിലവഴിച്ചിട്ടുണ്ട് .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | മൊത്തം ചിലവായ തുക |
|---|---|---|---|
| 2019-20 | 101.29 | 101.29 | 125.96 |
| 2020-21 | 303.18 | 303.18 | 621.90 |
| 2021-22 | 1353.44 | 1353.44 | 2017.01 |
| 2022-23 | 2206.56 | 1616.28 | 3483.60 |
| 2023-24 | 671.18 | 1207.15 | 2913.96 |
| 2024-25 | 974.68 | 1451.94 | 2481.15 |
| 2025-26 | 0.00 | 2000.00 | 0 |
| Total | 5610.33 | 8033.28 | 11643.60 |

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ജലജീവൻ മിഷനായി 1949.36 കോടി രൂപയാണ് ബജറ്റ് വിഹിതമായിട്ട് വകയിരുത്തിയത്. ഇതിൽ നിന്ന് 974.68 കോടി രൂപ മാത്രമേ കേരളത്തിന് ലഭ്യമായുള്ളൂ. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും കേരളം പാലിച്ചിട്ടും ഈ രണ്ട് വർഷങ്ങളിലെയും സ്കീമിന്റെ രണ്ടാം ഗഡു കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ചില്ല. പദ്ധതി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, 2024-25-ൽ അഡ്വാൻസ് സ്റ്റേറ്റ് ഷെയറായിട്ട് കേരള സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ, ഇതിൻറെയും ആനുപാതികമായ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025

| | | | |
|---|---|---|---|
| | | | ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്രകാരം 3750 കോടി രൂപ തിരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തു. ഇതിൽ നിന്നും ആദ്യഗഡുവായി 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന്റെ സ്ഥാനം ഏറ്റവും പുറകിലാണ് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25% ൽ താഴെയായിരുന്നു.<br><br>പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടി വന്നു.<br><br>മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഗ്രാമീണ - നഗര സ്വഭാവം വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുണ്ട്. ഇതു മൂലം ചെറു പദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ എത്തിക്കുക പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ അടുത്ത 30 വർഷത്തേക്കു കൂടിയുള്ള ആസൂത്രണത്തോടെ സ്ഥായിയായ കുടിവെള്ള പദ്ധതികളാണു നടപ്പിലാക്കുന്നത്. കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത സാഹചര്യവും, ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്.<br><br>മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ് ലയിൻ സ്ഥാപിക്കണമെങ്കിൽ ഈ റോഡുകൾ വഴി മാത്രമേ സാധ്യമാവുകയുള്ളൂ. ഇതിനു ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതിനിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. ഇതു കൂടാതെ പദ്ധതിയുടെ തുടക്കത്തിൽ കോവിഡ് മൂലം ലോക്ക് ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിനു ഇടയാക്കിയിരുന്നു.<br><br>ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷം കൊണ്ടു തന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30 ശതമാനത്തോളം വർദ്ധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ മുൻ നിർത്തിയാണ് കേരളം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായതായി നിരീക്ഷിക്കപ്പെടുന്നത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സുസ്ഥിരത ഉറപ്പാക്കുന്ന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ (20/01/2026) 21.31 ലക്ഷം കണക്ഷനുകൾ നൽകി. ഇതു കൂടാതെ 8.27 ലക്ഷം കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. ഇപ്പോൾ കുടിവെള്ളം നൽകുവാൻ കഴിയാത്ത ഈ 8.27 ലക്ഷം കണക്ഷനുകളെ സംസ്ഥാനം ഇപ്പോൾ FHTC കണക്കിൽ ദേശീയ തലത്തിൽ നൽകിയിട്ടില്ല. ഇതും സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണക്ഷൻ നൽകുന്നതിൽ പിന്നിലാണെന്നുള്ള നിരീക്ഷണത്തിനു കാരണമാണ്.<br><br>ബഹു ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പദ്ധതി ആദ്യം നിശ്ചയിച്ച കാലയളവിൽ പൂർത്തിയാക്കാത്തതിനാലും നൽകിയ കണക്ഷനുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതി പൂർത്തീകരണ കാലാവധി കേന്ദ്ര സർക്കാർ കഴിഞ്ഞ യൂണിയൻ ബഡ്ജറ്റിൽ 2028 വരെ നീട്ടിയിട്ടുണ്ട്. |
| (സി) | പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പദ്ധതിയുടെ തുടക്കത്തിൽ കോവിഡ് മൂലം ലോക്ക് ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിനു ഇടയാക്കിയിരുന്നു. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ടുണ്ട്. ഇതും പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതിനിർവ്വഹണത്തിൽ തുടക്കത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ.<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്.ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വാ യ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുക യും ചെയ്തു. പ്രസ്തുത തുക സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്ര കാരം 3750 കോടി രൂപ തിരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തു. ഇതിൽ നിന്നും ആദ്യഗഡുവായി 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ കേന്ദ്ര സർക്കാർ നീട്ടിയിട്ടുണ്ട്. പ്രസ്തുത സമയ പരിധിക്കുള്ളിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ